(ഡി) അട്ടപ്പാടി മേഖലയിൽ ജീവനക്കാരുടെ 52 ഒഴിവുകളുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധം II -ൽ ചേർക്കുന്നു. *

കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ

49 (2258) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് സ്കാനിംഗ്സൗകര്യം, ലാബ് സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇവ ലഭ്യമാകുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെസ്വകാര്യ സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും അമിത ചാർജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സെന്ററുകളിലെ ചൂഷണം തടയുന്നതിന് ഏകീകൃത വില നിയന്ത്രണ പട്ടിക ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ജനറൽ ആശുപത്രിയിൽ മാത്രമാണ് ഇപ്പോൾ സ്കാനിംഗ് സൗകര്യമുള്ളത്. ജില്ലാ ആശുപത്രി-കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി-കാസർഗോഡ്, താലൂക്കാശുപത്രി-നീലേശ്വരം, താലൂക്കാശുപത്രി-തൃക്കരിപ്പൂർ, സി.എച്ച്.സി-ചെറുവത്തൂർ, സി.എച്ച്.സി-പെരിയ, സി.എച്ച്.സി-ചുടംകല്ല്, സി.എച്ച്.സി-ബേഡഡുക്ക, സി.എച്ച്.സി-മൂളിയാർ, സി..എച്ച്.സി-മംഗൽപ്പാടി, സി.എച്ച്.സി- മഞ്ചേശ്വരം, സി.എച്ച്.സി- ബദിയടുക്ക, പി.എച്ച്.സി-കയ്യൂർ, പി.എച്ച്.സി-ചിറ്റാരിക്കൽ, പി.എച്ച്.സി-തർക്കിലക്കാട്, പി.എച്ച്.സി-കരിന്തളം, പി.എച്ച്.സി-വെള്ളരിക്കുണ്ട്, പി.എച്ച്.സി-എണ്ണപ്പാറ, പി.എച്ച്.സി-പാണത്തൂർ, പി.എച്ച്.സി-ഉദുമ, പി.എച്ച്.സി-അജാനൂർ എന്നിവിടങ്ങളിലാണ് ലാബ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) കാസർഗോഡ് ജില്ലയിലെ സ്വകാര്യ സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും അമിത ചാർജ്ജ് ഈടാക്കുന്നത് ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly